**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2492** **15-10-2024 - ൽ മറുപടിയ്ക്ക്**

**സമഗ്ര വാണിജ്യനയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ എം രാജഗോപാലൻ,<br>ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ. കെ. പ്രേംകുമാർ,<br>ശ്രീ. പി.വി. ശ്രീനിജിൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | വാണിജ്യ-ചില്ലറ വ്യാപാര മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമിട്ട് നടപ്പാക്കുന്ന പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (എ) | ഉണ്ട്, സംസ്ഥാനത്തെ വാണിജ്യ വ്യാപാ മേഖലക്ക് ആവശ്യമായ കൈത്താങ്ങ് നൽകി മേഖലയുടെ വളർച്ചയെ പ്രോത്സാഹിപ്പിക്കുന്നതിനും പരിപോഷിപ്പി ക്കുന്നതിനും സംസ്ഥാന സർക്കാർ വ്യവസായ വാണിജ്യ ഡയറക്ടറേറ്റിനു കീഴിൽ ഒര പ്രത്യേക വാണിജ്യ വിഭാഗം രൂപീകരിച്ചിട്ടുണ്ട് ശേഷി വികസനം, സാങ്കേതികവിദ ഏറ്റെടുക്കൽ, ക്ലസ്റ്റർ വികസനം എന്നിവയ്ക്ക് കൈത്താങ്ങ് നൽകുക, കേരളത്തിലെ ബിസിനസുകാർക്കും സംരംഭകർക്കും ദേശീയ അന്തർ ദേശീയ വിപണികൾ പര്യവേക്ഷണ ചെയ്യാനുള്ള അവസരങ്ങൾ സൃഷ്ടിക്കുക സംസ്ഥാനത്തിന് മത്സരാധിഷ്ഠിത നേട്ടമുള്ള മേഖലകളിലെ കയറ്റുമതി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ പിന്തുണാ നടപടികൾ തിരിച്ചറിഞ്ഞ് സ്വീകരിക്കുക, ചില്ലറ വിൽപ്പന സംരംഭങ്ങളുടെ വികസനത്തിനായി നയങ്ങൾ രൂപീകരിക്കുക തുടങ്ങിയ ലക്ഷ്യത്തോടെ യാണ് വാണിജ വിഭാഗം പ്രവർത്തിക്കുക.<br><br>വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴി നിലവിൽ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികൾ വാണിജ്യ ചില്ലറ വ്യാപാ മേഖലയുടെ സമഗ്ര പുരോഗതി കൂടി ലക്ഷ്യമിട്ടുള്ളവയാണ്. ഈ പദ്ധതികളിലു പ്രവർത്തന ങ്ങളിലും വാണിജ്യ ചില്ലറ വ്യാപാ മേഖലയിലെ സംരംഭങ്ങളും ഭാഗമായിട്ടുണ്ട്. |

2022-23 സാമ്പത്തിക വർഷം മുതൽ സംരംഭകത്വ പ്രോത്സാഹനത്തിന്റെ ഭാഗമായി വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴ നടത്തി വരുന്ന ക്യാമ്പയിനായ സംരംഭകവർഷം പദ്ധതിയുടെ ഭാഗമായി 2022 ഏപ്രിൽ 1 മുതൽ 2024 ഒക്ടോബർ 10 വരെയുള്ള കാലയളവിൽ, സംസ്ഥാനത്ത ആകെ 304,807 സംരംഭങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ഇതിൽ 135,787 സംരംഭങ്ങൾ ചില്ലറ വ്യാപാര മേഖലയിൽ നിന്നുള്ളവയാണ്.

വ്യവസായ വാണിജ്യ ഡയറക്ടറേറ്റ് വഴ നടപ്പിലാക്കുന്ന താഴെ പറയുന്ന പദ്ധതികള സേവനങ്ങളും വ്യാപാര മേഖലയിൽ പ്രവർത്തിക്കുന്ന സംരംഭങ്ങൾക്കു ലഭ്യമാക്കുന്നുണ്ട്.

1.എന്റർപ്രെണർഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവിന്റെ സേവനം :- സംരംഭങ്ങൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടു പൊതുജന ങ്ങൾക്കും സംരംഭകർക്കും ആവശ്യമായ സേവനങ്ങൾ ലഭ്യമാക്കുന്നതിന് വ്യവസായ വാണിജ്യ വകുപ്പ് എല്ലാ തദ്ദേശ സ്ഥാപനങ്ങളിലും പ്രൊഫഷണൽ യോഗ്യതയുള്ള എക്സിക്യൂട്ടീവുകളെ നിയമിച്ചിട്ടുണ്ട്. ലൈസൻസ്, ലോൺ സബ്സിഡി തുടങ്ങി ഒരു സംരംഭ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട എല്ല കാര്യങ്ങൾക്കും പൊതുജനങ്ങൾക്ക് ഈ എക്സിക്യൂട്ടീവുമാരുടെ സേവന തേടാവുന്നതാണ്.

2.ഹെൽപ് ഡെസ്ക്:- സംസ്ഥാനത്തെ 1034 തദ്ദേശ സ്ഥാപനങ്ങളിൽ തിങ്കൾ, ബുധന് ദിവസങ്ങളിൽ പ്രവർത്തിക്കുന്ന ഹെൽപ് ഡെസ്കുകൾ നിലവിലുണ്ട്. ഈ ഹെൽപ് ഡെസ്ക്കുകൾ വഴി, പൊതുജനങ്ങൾക്ക അവരുടെ സംരംഭങ്ങളുമായി ബന്ധപ്പെട്ട സംശയങ്ങളും അതുമായി ബന്ധപ്പെട്ട മറ്റ് കാര്യങ്ങളിലും എന്റർപ്രെണർഷിപ് ഡെവലപ്പ്മെന്റ് എക്സിക്യൂട്ടീവ്മാരുടെ സേവന പ്രയോജനപ്പെടുത്താം.

3.എം.എസ്.എം.ഇ-ഫെസിലിറ്റേഷൻ സെന്റർ:- താലൂക്ക് വ്യവസായ ഓഫീസുകളെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക ആവശ്യമായ സഹായങ്ങളും ഉപദേശവു

നൽകാൻ സജ്ജമായ എം.എസ്.എം.ഇ ഫെസിലിറ്റേഷൻ സെന്ററുകൾ ആക്കുന്നതിന്റെ ഭാഗമായി പ്രൊഫഷണൽ യോഗ്യതയുള്ള റിസോഴ്സ് പേഴ്സൺമാരെ തെരഞ്ഞെടുത്ത് മതിയായ പരിശീലനം നല്കി നിയമിച്ചിട്ടുണ്ട്.

4.ബാങ്ക് വായ്പയിന്മേൽ പലിശ സബ്സിഡി ബാങ്ക് വായ്പ എടുത്ത് ആരംഭിക്കുന്ന സംരംഭങ്ങൾക്ക് പലിശയിന്മേൽ സഹായം ലഭ്യമാക്കുന്നതിനുള്ള പ്രത്യേക പദ്ധതി ഉല്പാദന, സേവന, വ്യാപാര മേഖലകളിലെ എല്ലാ പുതിയ സംരംഭങ്ങൾക്കും 10 ലക്ഷം രൂപ വരെയുള്ള ലോൺ തുകയ്ക്ക് (Term loan and/or Working Capital loan) അഞ്ച് വർഷത്തേക്ക് 6% പലിശ ഇളവിന് അർഹതയുണ്ട്. 1/4/2022-നോ അതിനുശേഷമോ പ്രവർത്തനം ആരംഭിച്ച എല്ലാ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളും ഈ പദ്ധതിക്ക് കീഴിൽ സഹായത്തിന് അർഹരാണ്.

5.MSME ഇൻഷ്വറൻസ് പദ്ധതി:- ഉത്പാദന- സേവന-വ്യാപാര മേഖലകളിൽപ്പെട്ട സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതി. 2023 ഏപ്രിൽ ഒന്നിന് ശേഷം ഇൻഷ്വർ ചെയ്തിട്ടുള്ള സംരംഭങ്ങളുടെ വാർഷിക പ്രീമിയത്തിന്റെ 50% തുക (പരമാവധി 5000 രൂപ) സബ്സിഡി നൽകുന്നു.

6. വ്യവസായ നയം 2023 :- വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനുമായി കേരള സർക്കാർ പുതിയ വ്യവസായ നയം രൂപീകരിക്കുക യുണ്ടായി. "സൺറൈസ്" വിഭാഗത്തിലെ ഉയർന്ന മുൻഗണനയുള്ള വ്യവസായങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ച്, അവരുടെ വികസനം പ്രോത്സാഹിപ്പി ക്കുന്നതിന് സാമ്പത്തിക സഹായ ഇൻസെന്റീവുകളും പിന്തുണയും നൽകാനാണ് നയം ലക്ഷ്യമിടുന്നത്. ചില്ലറ വ്യാപാര മേഖല ഉൾപ്പെടെ 22 മുൻഗണനാ മേഖലകൾ തിരഞ്ഞെടുക്കുകയും അവയിൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമാണ് പുതിയ വ്യവസായ നയം.

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഭാഗമായി സമഗ്ര വാണിജ്യനയം രൂപീകരിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി) | ഉണ്ട്, കേരളത്തിലെ വാണിജ്യ, ചില്ലറ വ്യാപാര മേഖലയ്ക്കായി സമഗ്രമായ നയങ്ങൾ രൂപീകരിക്കുന്നതിന് ബന്ധപ്പെട്ടവരിൽ നിന്ന് നിർണായക ഉൾക്കാഴ്ചകളും നിർദേശങ്ങളും ശേഖരിക്കുക എന്ന ഉദ്ദേശത്തോടെ 2024 ഓഗസ്റ്റ് 5-ാം തിയതി ചില്ലറ വ്യാപാര മേഖലയിലെ വിവിധ അസോസിയേഷൻ പ്രതിനിധികളുമായും ബഹുരാഷ്ട്ര കമ്പനികളുമായും ബഹു. നിയമ, വ്യവസായ, കയർ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ചകൾ നടത്തിയിരുന്നു. വിവിധ ബഹുരാഷ്ട്ര കമ്പനികളുടെ പ്രതിനിധികൾ, ജോയിന്റ് ഡയറക്ടർ ഫോറിൻ ട്രേഡ്, ഫെഡറേഷൻ ഓഫ് ഇന്ത്യൻ എക്സ്പോർട്ടേഴ്സ് ഓർഗനൈസേഷൻ, ടീ ബോർഡ്, കോഫി ബോർഡ്, റബ്ബർ ബോർഡ്, കാർഷിക സംസ്കരിച്ച ഭക്ഷ്യ ഉൽപന്നങ്ങളുടെ കയറ്റുമതി വികസന അതോറിറ്റി (APEDA), സമുദ്രോത്പന്ന കയറ്റുമതി വികസന അതോറിറ്റി (MPEDA), കയർ ബോർഡ്, കശുവണ്ടി കയറ്റുമതി പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യ, നാളികേര വികസന ബോർഡ്, സ്പൈസസ് ബോർഡ്, FICCI, CII തുടങ്ങിയ സ്ഥാപനങ്ങളുടെ പ്രതിനിധികൾ എന്നിവരുമായി ചർച്ചകൾ നടത്തിയിരുന്നു. |
| (സി) | അതിവേഗം വളരുന്ന ആഗോള ഇ-കോമേഴ്സ് കമ്പനികൾ ചെറുകിട വ്യാപാര മേഖലയിൽ ഉയർത്തുന്ന ഭീഷണി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (സി) | ചെറുകിട വ്യാപാര മേഖല ഉൾപ്പെടെയുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനും വ്യാവസായിക യൂണിറ്റുകളുടെ ഉല്പന്നങ്ങൾ ബ്രാന്റ് ചെയ്ത് വിൽപ്പന നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനുമായി കേരള ബ്യൂറോ ഓഫ് ഇൻഡസ്ട്രിയൽ പ്രൊമോഷൻ മുഖേന വിവിധ വ്യാപാര മേളകൾ സംഘടിപ്പിക്കുകയും ദേശീയ-അന്തർദേശീയ തലങ്ങളിൽ നടക്കുന്ന വ്യാപാര മേളകളിൽ സൂക്ഷ്മ-ചെറുകിട-ഇടത്തരം യൂണിറ്റുകൾക്ക് പങ്കെടുക്കുവാനുള്ള അവസരം ഒരുക്കിക്കൊടുക്കുകയും ചെയ്യുന്നു. കൂടാതെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ സംരംഭകർക്ക് വിപണി കണ്ടെത്തുന്നതിനും സാങ്കേതികപരമായി പുരോഗമനം നേടുന്നതിനുമായി കേന്ദ്രീകൃത ഓൺ ലൈൻ പ്ലാറ്റ്ഫോമായ ബി 2 ബി ബിസിനസ്സ് പോർട്ടൽ പ്രവർത്തിച്ചു വരുന്നു.<br><br>സൂക്ഷ്മ ചെറുകിട, ഇടത്തരം സംരംഭങ്ങളെയും ചെറുകിട വ്യാപാരികളെയും ഓൺലൈൻ പ്ലാറ്റ്ഫോമിലേക്ക് പ്രവേശനം നേടുന്നതിന് സഹായിക്കുക വഴി അവർക്കു പുതിയ വിപണി അവസരങ്ങൾ സൃഷ്ടിക്കുകയും അത് വഴി ഡിജിറ്റൽ കൊമേഴ്സ് മേഖലയിലെ വൻകിട പ്ലാറ്റ്ഫോമുകളുടെ കുത്തകകൾ കുറയ്ക്കുക എന്നതാണ് ഓപ്പൺ നെറ്റ് വർക്ക് ഫോർ ഡിജിറ്റൽ കൊമേഴ്സ് (ONDC) എന്ന പ്ലാറ്റ്ഫോം ലക്ഷ്യമിടുന്നത്. ONDC |

| | | | |
|---|---|---|---|
| | | | പ്രോഗ്രാമിനോടുള്ള സർക്കാരിന്റെ പ്രതിബദ്ധത ഉറപ്പിക്കുന്നതിനായി കേരള സർക്കാരും ONDC യും തമ്മിലുള്ള ഒരു ധാരണാപത്രം (MoU) 2023 ജൂൺ 23-ന് ഒപ്പുവച്ചിട്ടുണ്ട്. കേരളത്തിലെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകരുടെ ഉൽപ്പന്നങ്ങൾ ONDC പ്ലാറ്റ്ഫോമിൽ onboard ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ONDC യുമായി ചേർന്ന് സ്വീകരിച്ചു വരുന്നു. |
| (ഡി) | വാണിജ്യ-ചില്ലറ വ്യാപാര മേഖലയിലുണ്ടാകുന്ന പുരോഗതിക്ക് നിദാനമായി ചരക്കുനീക്കം സുഗമമാക്കുന്നതിനായി സംവിധാനങ്ങൾ ഒരുക്കുന്നതിന് നയരൂപീകരണം പരിഗണനയിലുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്, സംസ്ഥാനത്തെ ലോജിസ്റ്റിക് സാഹചര്യം മെച്ചപ്പെടുത്തുന്നതിനും കൂടുതൽ വെയർഹൗസുകളും ലോജിസ്റ്റിക് സേവനങ്ങളും സുഗമമാക്കുന്നതിനും, വ്യവസായ വാണിജ്യ വകുപ്പ് ഒരു കരട് ലോജിസ്റ്റിക് പാർക്ക് നയം തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത നയം പരസ്യപ്പെടുത്തുകയും ബന്ധപ്പെട്ടവരിൽ നിന്ന് നിർദ്ദേശങ്ങൾ ക്ഷണിക്കുകയും ചെയ്തു. ലഭിച്ച സാധുവായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയ ശേഷം, ലോജിസ്റ്റിക് പാർക്ക് നയത്തിന്റെ കരട് തയ്യാറായിട്ടുണ്ട്.<br><br>ലോജിസ്റ്റിക് പാർക്കുകളുടെ കരട് നയത്തിൽ ലോജിസ്റ്റിക് പാർക്കുകൾ സ്ഥാപിക്കുന്നതിന് പ്രോത്സാഹനങ്ങൾ നിർദേശിച്ചിട്ടുണ്ട്. ഇതുകൂടാതെ ഇത്തരം പാർക്കുകൾക്ക് വിജ്ഞാപനം ചെയ്ത ഇൻഡസ്ട്രിയൽ പാർക്കുകളുടെ പദവി നൽകാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇത് ലോജിസ്റ്റിക് പാർക്കുകളിൽ ഏകജാലക ക്ലിയറൻസ് ബോർഡുകൾ രൂപീകരിക്കാൻ പ്രാപ്തമാക്കും. |

സെക്ഷൻ ഓഫീസർ